കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എറിയാട്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

Email:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എടിഎസ്ആർ(പി3)1885/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ- 680 020

Email: dotst.ksad@kerala.gov.in

ഫോൺ: 0487-2331249

തീയതി.25.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എറിയാട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്ത ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ്എടിഎസ്ആർ(പി.3)1885/16 തീയതി:25.10.2016

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.7.2016തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് .17.9.16ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 11.8.2015മുതൽ തിയ്യതി14.10.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 20 | 20 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.
ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാംഖ്യ സോഫ്റ്റ് വെയർ അപാകം | 2(1) |
| 2 | പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന കടമുറികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് | 2(2) |
| 3 | ബിൽഡിംഗ് പെർമിറ്റ് അനുമതി-കാലയളവിനു ശേഷം തുടർ നടപടി സ്വീകരിക്കാത്തത് | 2(3) |
| 4 | ബൈലോ ഇല്ല | 2(4) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാംവകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് രേഖപ്പെടുത്തുന്നതിലെ അപാകത | 3(1) | |
| 2 | സാമൂഹ്യക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം | 3(2) | |
| 3 | ആർ.ഐ.ഡി.എഫ്. ഫണ്ടിൽ നിന്നും നിർമിച്ച അംഗൻവാടിക്ക് തിനതു ഫണ്ടിൽ നിന്നും തുക നൽകിയത് | 3(3) | |
| 4 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തണം | 3(4) | |
| 5 | പവർടില്ലർ വാങ്ങി നൽകൽ വരവു ചെലവു കണക്കുകൾ ഹാജരാക്കണം. | 3(5) | |
| 6 | പാലിയേറ്റീവ് കെയർ മരുന്നുകൾ ലഭിച്ചിട്ടില്ല. | 3(6) | |
| 7 | പാലിയേറ്റീവ് കെയർ അധികം നൽകിയ തുക ക്രമീകരിക്കണം | 3(7)_ | |
| 8 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 3(8) | |

| | | | |
|---|---|---|---|
| 9 | ആശ്രയ ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല. | 3(9) | |
| 10 | വിഭവഭൂപട സർവ്വെക്ക് അധിക തുക നൽകിയത് | 3(10) | |
| 11 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണവിവരം ലഭ്യമാക്കണം. | 3(11) | |
| 12 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ -മരുന്നു ലഭ്യമാക്കിയില്ല. | 3(12) | |
| 13 | അന്ധർക്ക് കംപ്യൂട്ടർ വാങ്ങി നൽകൽ അധിക തുക നൽകി. | 3(13) | |
| 14 | അംഗൻവാടികൾ ശോചനീയാവസ്ഥയിൽ | 3(14) | |
| 15 | ബാലസഭ സംഗമവും സ്പോർട്സ് കിറ്റ് വിതരണവും- പദ്ധിനടത്തിപ്പിലെ അപാകതകൾ | 3(15) | |
| 16 | എസ്.എസ്.എ വിഹിതം നൽകൽ -അപാകം | 3(16) | |
| 17 | തനത് ഫണ്ട് പെറ്റിവർക്കുകൾ- പദ്ധതിയിൽ ഉൾപെടുത്താതെ ചെലവഴിച്ചത് സംബന്ധിച്ച് | 3(17) | |
| 18 | തൊഴിലുറപ്പ് പദ്ധതി | 3(18) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |

| | | | |
|---|---|---|---|
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 19.3.2015 ലെ തീരുമാനം1(1) | 27.2.2016ലെ അജണ്ട1 |

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.7.16 |

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ

1.ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.ഈ അപാകത 2014-15 ലും നിലനിൽക്കുന്നുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി-51998486

വരവ്-59997270

ആകെ-1119995756

ചെലവ്-88036407

നീക്കിബാക്കി-23959349

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6613883 | 13399229 | 20013112 | 20013112 | 13399229 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 2362397 | 3310037 | 5672434 | 5672434 | 1939897 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 17000 | 17000 | 17000 | 17000 | 17000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2867586 | 9843700 | 12711286 | 12711286 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3186772 | 2129422 | 5316194 | 5316194 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2161076 | 11058125 | 13219201 | 13219201 | 3851731 | 0 |
| ലോക ബാങ്ക് സഹായം | 5242966 | 5147364 | 10390330 | 10390330 | 5242996 | 0 |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 164 | 143 | 3 | 18 | 86.59 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 4831000 | 3566687 | 73.83 |
| സീനിയർ വെറ്ററിനറി സർജൻ | 6 | 6 | 2336900 | 943150 | 40.36 |
| മെഡിക്കൽ ഓഫീസർ പി എച്ച്സി | 2 | 2 | 850000 | 358882 | 42.22 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 950000 | 949136 | 99.91 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 7 | 5641611 | 5231741 | 92.73 |
| ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 2 | 2 | 403000 | 266325 | 66.09 |
| ഹെഡ്മിസ്ട്രസ് | 3 | 3 | 808917 | 808877 | 99.99 |
| സെക്രട്ടറി | 13 | 11 | 2166000 | 1586166 | 73.23 |
| അസി .സെക്രട്ടറി | 10 | 8 | 7402500 | 2841790 | 38.39 |
| അസി.എൻജിനീയർ | 101 | 85 | 39963143 | 31789131 | 79.55 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 510000 | 329299 | 64.57 |
| വിഇഒ | 9 | 8 | 18301389 | 15400000 | 84.15 |

1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7602047 | 4650500 | 2951547 | -38.8 |
| നികുതിയേതര വരവുകൾ | 1810970 | 2401806 | 590836 | 32.6 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 19000 | 661190 | 642190 | 3379.9 |
| ആകെ | 7713496 | 15426992 | 4184573 | 54.25 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾ പ്പെടുത്തിയിട്ടുണ്ട്

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 28 | 23 | | |
| 2 | തൊഴിൽ രഹിത വേതനം | 48 | 33 | | |
| 3 | വിധവാ പെൻഷൻ | 250 | 166 | | |
| 4 | വികലാംഗ പെൻഷൻ | 19 | 17 | | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 0 | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 783 | 618 | | |

(അപാകതകൾ ഖണ്ഡിക നമ്പർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 38601/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | | 9/2016 | ഇല്ല | |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 6.9.16മുതൽ9.9.16 | 2011-12 മുതൽ2015-16 | | |

1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 സ്കോർ കാർഡ്

3 നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

4 ഫോട്ടോ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ സോഫ്റ്റ്‌വെയർ അപാകം- 5.3.16 ൽ രണ്ട് ഡെ ബുക്ക് എൻട്രികൾ

5.3.2016 ലെ ഡെ ബുക്ക് പ്രകാരം കൗണ്ടർ കളക്ഷൻ 11488/- രൂപയാണ്. തൊട്ടടുത്ത പ്രവർത്തി ദിനമായ 8.3.16 ന് രസീതുകൾ പ്രിന്റ് ചെയ്തു വന്നപ്പോൾ പഞ്ചായത്തിന്റെ വിശദീകരണപ്രകാരം 5.3.16 ആണ് തിയതി കാണിച്ചത്. ഇത്തരത്തിൽ പത്ത് എണ്ണം രസീതുകൾ പ്രിന്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ രസീതുകൾ ക്യാൻസൽ ചെയ്യുന്നതിനു പകരം രസീതുപ്രകാരമുള്ള തുക 5.3.2016 ലെ വരവോട് കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. തുടർന്ന് രണ്ട് ഡെ ബുക്ക് കളക്ഷനായി മുൻദിവസത്തെ 11488/- രൂപ ഉൾപ്പടെ 13666/- ആയി കളക്ഷൻ മാറി. തുടർന്ന് മാന്വൽ രസീതുകൾ നൽകുകയും ചെയ്തു. തിയ്യതി തെറ്റായി പ്രിന്റ് ചെയ്തു വന്ന മുഴുവൻ രസീതുകളും ക്യാൻസൽ ചെയ്ത് മാന്വൽ രസീത് നൽകുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ക്യാഷ് ബുക്ക് 13666/- രൂപക്ക് അഡ്ജസ്റ്റ് ചെയ്തതായാണ്. കാണുന്നത്. നടപടിക്രമങ്ങളിലെ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് വാടകക്ക് നൽകിയ കട മുറികൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് വാടകക്ക് നൽകുന്ന 12 കട മുറികളുടെ ലൈസൻസ് പരിശോധിച്ചതിൽ ഇവ ഒന്നും തന്നെ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുകയുണ്ടായി. പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിലും ഇവ ഉൾപ്പെട്ടു കാണുന്നില്ല.പഞ്ചായത്ത് തന്നെ വാടകക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് പോലും ലൈസൻസ് എടുക്കുന്നതു ശരിയായി നിരീക്ഷിക്കുവാൻ പഞ്ചായത്തിനു സാധിക്കാത്തത് സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി തയ്യാറാക്കേണ്ടതും ലൈസൻസ് പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്.

## 2-3 ബിൽഡിങ്ങ് പെർമ്മിറ്റ് -അനുമതി കാലയളവിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ബിൽഡിങ്ങ് പെർമ്മിറ്റ് റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ അനുമതി കാലയളവായ 3 വർഷത്തിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് ആവശ്യമായ ശ്രദ്ധ പുലർത്തുന്നില്ല.എന്ന് വ്യക്തമാകുന്നു.2015-16 ൽ 196 ബിൽഡിങ്ങുകൾ റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്.ഇതിൽ ഒന്നു പോലും പഞ്ചായത്ത് സ്വമേധയാ കണ്ടെത്തിയതല്ല. പ്രസ്തുത വ്യക്തികൾ പൂർത്തീകരണ സാക്ഷ്യപത്രത്തിനായി അപേക്ഷിക്കുന്ന സന്ദർഭത്തിൽ മാത്രമാണ് പഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുന്നത്.ഇത് ശരിയായ നടപടി ക്രമമല്ല. അനുമതി കാലയളവിനുശേഷം തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 2-4 ബൈലോ ഇല്ല

പഞ്ചായത്തിന് ഷോപ്പിങ്ങ് കോംപ്ളക്സ് വാടക,ലേലം,പരസ്യ നികുതി എന്നീ ഇനങ്ങളിൽ വരവ് ഉണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ ഇല്ല. ബൈലോ അംഗീകരിച്ച് വാങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് രേഖപ്പെടുത്തുന്നതിലെ അപാകം

ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥരുടെ ശുപാർശയോടു കൂടി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച സംഗതികളിൽ അർഹതയുള്ളത്,നിരസിച്ചത് എന്നിങ്ങനെ പ്രത്യേകം രേഖപ്പെടുത്താതെ ലഭിച്ച മുഴുവൻ അപേക്ഷകളും അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. നിരസിക്കപ്പെട്ട അപേക്ഷകൾ പ്രത്യേകമായി രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

17.12.15 ലെ കമ്മിറ്റിയിൽ സമർപ്പിച്ച 30വാർധക്യകാല പെൻഷൻ അപേക്ഷകളിൽ 22 പേർക്കുമാത്രമേ അർഹതയുള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ളൂ. എന്നാൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 30 അപേക്ഷകളും അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

20.8.15ലെ കമ്മിറ്റിയിൽ സമർപ്പിച്ച കർഷക തൊഴിലാളി പെൻഷന്റെ 11 അപേക്ഷകളിൽ 3 എണ്ണത്തിന് അർഹതയില്ലായെന്ന് അന്വഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും 11 അപേക്ഷകളും അംഗീകരിച്ചതായാണ് മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നത്.

12/2015 മുതൽ ഉള്ള ക്ഷേ.സ്റ്റാ.കമ്മിറ്റി മിനിറ്റ്സിന്റെ പേജ് നമ്പർ 22,23 എന്നിവ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാതെയും

പേജ് ക്യാൻസൽ ചെയ്യാതെയും കണ്ടു. ബ്ലാങ്ക് ആയി കാണുന്ന പേജുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

## 3-2 സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം-ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതു മൂലം പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. ലഭിക്കുന്ന അപേക്ഷകൾ ,അംഗീകരിച്ചതും,നിരസിച്ചതുമായ അപേക്ഷകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. വിവിധ പെൻഷൻ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നല്കുന്നതിലും അന്വേഷണറിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ നൽകുന്നതിലും അപേക്ഷകൾ കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും കാലതാമസമുള്ളതായി പരിശോധയിൽ കണ്ടു. 09.12.2013 ലെ സ.ഉ.(സാധാ) നം.602/13.സാ.നീ.വ പ്രകാരം സാമൂഹ്യ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷാ തിയതി മുതൽ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിന്റെ അടുത്തമാസം മുതലാണ് പെൻഷൻ അനുവദിച്ച കാണുന്നത്. ലഭ്യമായ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതുമൂലം വളരെയധികം പേർക്ക് അപേക്ഷാ തിയതി മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സംവിധാനം (DBT)നിലവിൽ നിലവിൽ വന്ന സാഹചര്യത്തിൽ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യുന്ന തിയതി മുതൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളു എന്നതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി തീർത്ത് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

തൻ വർഷത്തിൽ പെൻഷൻ അനുവദിച്ചതിലുണ്ടായ കാലതാമസത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര്/വിലാസം | പെൻഷൻ ഇനം | അപേക്ഷ തിയതി | അനുവദിച്ച തിയതി | കാല താമസം |
|---|---|---|---|---|
| ഹമദ്,വലിയവീട്ടിൽ,അഴീക്കോട് | വികലാംഗപെൻഷൻ | 1.11.14 | 16.4.15 | 6 |
| ഭാഗ്യം.ശ്രീകണ്ഠേശ്വരത്ത്,മാടവന | വികലാംഗപെൻഷൻ | 4.9.14 | 16.4.15 | 8 |
| റോസ്മി.പടമാട്ടുമ്മൽ,അഴീക്കോട് | വികലാംഗപെൻഷൻ | 14.11.14 | 16.4.15 | 6 |
| ലത്തീഫ്,പുന്നിലത്ത്,എറിയാട് | വികലാംഗപെൻഷൻ | 17.10.14 | 16.4.15 | 7 |
| സുദർശനൻ,കരുവത്തിൽ മാടവന | വാർദ്ധക്യകാല പെൻഷൻ | 2.9.15 | 1.1.16 | 5 |
| ആമിന, പുതുക്കുളത്ത് മാടവന | വാർദ്ധക്യകാല പെൻഷൻ | 4.9.15 | 1.1.16 | 5 |
| പത്മം തച്ചാട്ടുപറമ്പിൽ,മാടവന | വാർദ്ധക്യകാല പെൻഷൻ | 7.9.15 | 1.1.16 | 5 |
| കദീജ,വാട്ടപ്പിള്ളി,യൂബസാർ | വാർദ്ധക്യകാല പെൻഷൻ | 9.9.15 | 1.1.16 | 5 |
| ലീല തൊട്ടുകുളത്ത്,മാടവന | വിധവാപെൻഷൻ | 3.10.15 | 1.1.16 | 3 |

## 3-3 ആർ.ഐ.ഡി.എഫ്. ഫണ്ടിലുൾപ്പെടുത്തി നിർമ്മിച്ച അംഗൻവാടിക്ക് തനതു ഫണ്ടിൽ നിന്നും തുക നൽകിയത് തിരികെ ഈടാക്കണം.

ഗ്രാമപഞ്ചായത്തിന്റെ 8ാം വാർഡിലെ 56ാം നമ്പർ അംഗൻവാടിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും ആർ.ഐ.ഡി.എഫ്. ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ 30.3.15ലെ ചീഫ് എഞ്ചിനീയറുടെ DB3/753/12/CE L.S.G.D സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 29.4.15ലെ പഞ്ചായത്തു കമ്മിറ്റിയുടെ 22ാം നമ്പർ തീരുമാനമനുസരിച്ച് 68800/-രൂപ ചെക്ക് നമ്പർ 157946തിയതി 11.5.15 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ എറിയാടിന് നൽകിയിട്ടുണ്ട്. NABARD-RIDF പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച അംഗൻവാടിയുടെ നിർമ്മാണചെലവ് തനതുഫണ്ടിൽ നിന്നും വഹിച്ച സാഹചര്യത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനതു ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കണം.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്ക പ്രകാരം 2341500/- രൂപ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. നിലവിൽ 446 പൊതുടാപ്പുകൾക്ക് പ്രതിവർഷം 5250/-രൂപാ നിരക്കിലാണ് അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകി തുക ഈടാക്കിവരുന്നത് . എന്നാൽ പഞ്ചായത്ത് പ്രദേശത്ത് വളരെയധികം പൊതുടാപ്പുകൾ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ 23.6.2006 ലെ സ.ഉ(ആർ.ടി)1501/2006/തസ്വഭവ ഉത്തരവിൽ നിർദ്ദേശിക്കുന്നു പ്രകാരം സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്ന തിനാവശ്യമായ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനമെടുത്തതായി കാണുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ഫയൽ, പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സംയുക്ത പരിശോധന നടത്തുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്ററുകൾ ഫയൽ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പവർടില്ലർ വാങ്ങി നൽകൽ-വരവ് ചെലവ് കണക്കുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പദ്ധതി നമ്പർ-126/16

ഡിഡിനമ്പർ-352478/31.3.2016&352981/4.4.2016(179742&150000)

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പവർടില്ലർ വാങ്ങി നൽകൽ പദ്ധതി പ്രകാരം വാങ്ങിയ 2 പവർടില്ലറുകൾ കൈരളി ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസി ന് കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം വരവ് ചെലവ് കണക്കുകൾ മാസം തോറും കൃഷി ഓഫീസർക്ക് പരിശോധനക്ക്ഹാജരാക്കേണ്ടതാണ്.എന്നാൽ ഈനിബന്ധന പാലിക്കപ്പെട്ടിട്ടില്ല..പവർടില്ലർ ശരിയായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും,പരിപാലിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 പാലിയേറ്റീവ് കെയർ പദ്ധതി - കെ.എം.എസ്.സി.എൽ ൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) പി.എച്ച്.സി.മാടവന നടപ്പാക്കിയ SO 95/16 സാന്ത്വന പരിചരണം പദ്ധതിയനുസരിച്ച് പാലിയേറ്റീവ് കെയർ ആവശ്യമായ 606 രോഗികൾ പഞ്ചായത്ത് പരിധിയിലുള്ളതായി നോമിനൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്കായി മരുന്നു വാങ്ങുന്നതിന് 63000/- രൂപ ഡി.ഡി.നമ്പർ 711027തിയതി.26.02,2016 പ്രകാരം കെ.എം.എസ്.സി.എൽ.ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ അധികം നൽകിയ തുക ക്രമീകരിക്കണം.

പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(ആർ.ടി.) 3217/15തിയതി. 29.10.15 ഖണ്ഡിക 2.6.3.3,എന്നിവ പ്രകാരം ഹോം കെയർ ടീമിന് ഭക്ഷണം ഇനത്തിൽ ഒരാൾക്ക് 60 രൂപാ നിരക്കിൽ പരമാവധി 3 പേർക്ക് പ്രതിദിനം 180 രൂപയും ഖണ്ഡിക 2.6.5.3 പ്രകാരം വാഹനത്തിന് കുറഞ്ഞത് 800 രൂപയും ചെലവഴിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 4.11.15 മുതൽ 29.12.15 വരെ കാലയളവിൽ ഈ നിർദ്ദേശം പാലിക്കാതെ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കാലയളവ് | 4.11.15 മുതൽ 26.11.15 വരെ (10 ദിവസം) | 2.12.15 മുതൽ 29.12.15 വരെ (10 ദിവസം) | ആകെ | അനുവദ നീയമായത് | അധികം നൽകിയത് |
|---|---|---|---|---|---|
| ഭക്ഷണം | 2830 | 2725 | 5555 | 3600 | 1955 |
| വാഹനം | 9170 | 9275 | 18445 | 16000 | 2445 |
| ആകെ | 12000 | 12000 | 24000 | 19600 | 4400 |

മേൽ സൂചിപ്പിച്ചു പ്രകാരം അധികം നൽകിയ തുകകൾ ഇനി നൽകുവാനുള്ള തുകകളിൽ ക്രമീകരിക്കുകയോ/ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ വാഹനത്തിന്റെ ചെലവുരേഖകൾക്കൊപ്പം ട്രിപ്പ് ഷീറ്റുകൾ ഉൾപ്പെടുത്തേണ്ടതും, സഞ്ചരിച്ച ദൂരം ട്രിപ്പ് ഷീറ്റുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. പാലിയേറ്റീവ് കെയർ സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി എല്ലാമാസവും യോഗം ചേർന്ന് പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിന്റെ വിവരങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-8 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

വി.ഇ.ഒ അഴീക്കോട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനനിർമ്മാണം (ജനറൽ ) സ്പിൽ ഓവർ പദ്ധതി S065/16 നമ്പറായി 538889 രൂപ വകയിരുത്തിയിരുന്നു. 2013-2014 വർഷത്തിൽ ആരംഭിച്ച പദ്ധതി പൂർത്തീകരിക്കുന്നതിനായി മേൽ പ്രകാരം തുക വകയിരുത്തിയിരുന്നുവെങ്കിലും തൻ വർഷത്തിൽ 6 ഗുണഭോക്താക്കൾക്കായി ആകെ 140000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2013-2014 ൽ വീട്ടു പണി ആരംഭിച്ച ഗുണഭോക്താക്കളിൽ പ്രോജക്ട് രജിസ്റ്റർ ക്രമനമ്പർ 32,19,39 ആയി രേഖപ്പെടുത്തിയിട്ടുള്ള സെക്കീന,ബിന്ദു, ഷീല എന്നീ ഗുണഭോക്താക്കൾ ആദ്യ ഗഡു തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ക്രമനമ്പർ 41,43 ആയിട്ടുള്ള വേലായുധൻ, ബേബി എന്നിവർ വീട്ടു പണി പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട ലക്ഷ്യം നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആശ്രയ ഒന്നാംഘട്ടം ലക്ഷ്യം കൈവരിച്ചിട്ടില്ല.

ആശ്രയ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിലവിൽ ആകെ 55 ഗുണഭോക്താക്കളാണുള്ളത് ഇവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ പൂർണ്ണമായി നൽകുന്നതിന് പഞ്ചായത്തിന് ഇതുവരെ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ആവശ്യങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വീടുവയ്ക്കാൻ സ്ഥലം | 20 | ഇല്ല |
| വീട് | 20 | 9 |
| വീട് റിപ്പയർ | 8 | ഇല്ല |
| കുടിവെള്ളം | 40 | ഇല്ല |
| കക്കൂസ് | 20 | 20 |

തൻ വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ ഭവനനിർമ്മാണത്തിനായി 5 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആകെ 2 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ വകയിരുത്തലുകൾ വാർഷിക പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടത്തേണ്ടതും പദ്ധതി ലക്ഷ്യം നേടുന്നതിനാവശ്യമായ ഇടപെടലുകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, സി.ഡി.എസ്/കുടുംബശ്രീ സംവിധാനങ്ങൾ ആശ്രയ ഉപസമിതി എന്നിവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുമാണ്.

## 3-10 വിഭവഭൂപട സർവ്വേക്ക് അധിക തുക നൽകിയത്-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപ്പാക്കിയ SO 46/16പ്രോജക്ട് നിർവ്വഹണത്തിനായി നിയമിച്ച എഞ്ചിനീയറിംഗ് ട്രെയിനി പഞ്ചായത്ത് പ്രദേശത്ത് ഗതാഗത സർവ്വെ, പരിസ്ഥിതി സർവ്വെ, സാമൂഹ്യസാമ്പത്തിക സർവ്വെ, ഭൗതിക സർവ്വെ എന്നിവ പൂർത്തിയാക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്ന മുഴുവൻ ജോലികൾക്കുമായി എഞ്ചിനീയറിംഗ് ട്രെയിനിക്ക് നൽകാവുന്ന പരമാവധി തുക 70000/- രൂപയാണെന്ന് 01.10.15തിയതിയിലെ ടൗൺപ്ലാനറുടെ സി.3/1572/15(50) നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹിച്ച സ്റ്റെല്ലാ സന്തോഷ് എന്ന എഞ്ചിനീയറിംഗ് ട്രെയിനിക്ക് 23 വാർഡുകളിൽ 6ദിവസം വീതം സർവ്വെ നടത്തിയ ഇനത്തിൽ 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് നിരക്ക് പ്രകാരം എഞ്ചിനീയറിംഗ് ട്രെയിനിക്ക് അർഹമായ നിരക്കായ 673/day നിരക്കിൽ ഡി.ഡി. നമ്പർ 250632തിയതി.11.09.15 പ്രകാരം93261 രൂപയും (673x6x23=92784+387=93261)ഡി.ഡി. നമ്പർ 709002തിയതി 21.12.15പ്രകാരം 17500രൂപയും (IDDP/LDP ഹാൻഡ് ബുക്ക് അനുബന്ധംV പേജ് 113 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുമ്പോൾ നൽകാവുന്ന 25% of 70000/-) അടക്കം ആകെ110761 രൂപ നൽകിയിട്ടുണ്ട്

സാമൂഹ്യസാമ്പത്തിക സർവ്വെ, ഭൗതിക സർവ്വെ എന്നീ സർവ്വെകൾ നടത്തുന്നതിനായി സർവ്വെ ട്രെയിനിയെ നിയമിക്കുന്നതിനും ഓരോ വാർഡിലും മൂന്നു ദിവസം കൊണ്ട് സർവ്വെ പൂർത്തീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. മാത്രമല്ല എഞ്ചിനീയറിംഗ് ട്രെയിനികൾ ശേഖരിച്ച വിവരങ്ങൾ പഞ്ചായത്തിലെ സ്പെഷൽ ഇന്റഗ്രേഷൻ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച ശേഷം മാത്രമേ പ്രതിഫലം നൽകാവൂയെന്നും വ്യക്തമാക്കിയിരുന്നുവെങ്കിലും ഇത്തരം നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. പ്രോജക്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അന്തിമ റിപ്പോർട്ട് പ്രിന്റ് ചെയ്തതിനു ശേഷം മാത്രമേ 100% തുകയും എഞ്ചിനീയറിംഗ് ട്രെയിനിക്ക് നൽകാവൂ എന്നിരിക്കെ മേൽ പ്രകാരം തുക നൽകിയത് ശരിയല്ല. വിഭവ ഭൂപട സർവ്വെയുടെ അന്തിമ റിപ്പോർട്ട് (പ്രിന്റഡ്) ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരം ലഭ്യമാക്കണം

തൻ വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 43/16 വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിയാണ്. പദ്ധതി പ്രകാരം താഴെ പറയുന്നതു പ്രകാരം തുക അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് ആവശ്യപ്പെട്ടിട്ടുണ്ട്.

| ക്രമനമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1. | എം.എഫ്.ഹുസൈൻ റോഡ് | 20250 |
| 2. | എം.എഫ്.ഹുസൈൻ റോഡ്-ചൈതന്യ ലിങ്ക് റോഡ് | 25600 |
| 3. | കൊട്ടിക്കൽ ലിങ്ക് റോഡ് | 17800 |
| 4. | മരപ്പാലം റോഡ് | 4950 |
| 5. | ലൈറ്റ് ഹൗസ് ജംഗ്ഷൻ | 18300 |
| 6. | മോഹൻ റോഡ് വാർഡ് 17 | 11950 |
| 7. | പുത്തൻ ചാൽ | 13000 |
| 8. | ഹൈമാസ്സ് ലൈറ്റ് അഴീക്കോട് | 22900 |
| 9. | മൈത്രി റോഡ് | 6000 |
| | ആകെ | 140750 |

മേൽ പ്രകാരം തുക അടവാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഡി.ഡി പ്രകാരം 121100 രൂപയും,രസീതു പ്രകാരം 28800 രൂപയും അടക്കം 149900 രൂപ അടവാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ-നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം എസ്00099/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ഹോമിയോ)

അടങ്കൽ:100000

ഫണ്ട്: മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

മേൽ പദ്ധതി പ്രകാരം മരുന്ന് ലഭിക്കുവാനായി ഡി ഡി (നം 438710077 ,തീയതി 30.1.16) കെ.എസ്.എച്.ഒ.പി.എൽ(ഹോമ്കോ) എന്ന സ്ഥാപനത്തിന്റെ പേരിൽ എടുക്കുകയും സ്ഥാപനം രസീത് (നം 1195 തീയതി 15.2.16)നൽകുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഇതിലേക്കായി കരാറിലേർപ്പെട്ടതായി കാണുന്നില്ല.നാളിതു വരെയായി മരുന്ന് മേൽ പറഞ്ഞ സ്ഥാപനം നൽകിയിട്ടുമില്ല.അടിയന്തിരമായി മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി ഇനി മുതൽ കരാർ ചമച്ച് സമയക്രമം ഉറപ്പുവരുത്തേണ്ടതാണ്.

## 3-13 അന്ധർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ-അധിക തുക നൽകി

പദ്ധതി നമ്പർ-0060/16

അടങ്കൽ -100000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

ട്രഷറി ബിൽ നമ്പർ-5/29.12.15(43800/-)

ഡിഡിനമ്പർ -710154/1.2.2016(43800/-)

മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.(ആർ ടി)2602/2010തസ്വഭവ /6.8.2010 പ്രകാരം ടോക്കിങ്ങ് സോഫ്റ്റ്‌വെയർ ഉള്ള കമ്പ്യൂട്ടറിന് നൽകാവുന്ന സബ്സിഡി 19500/-രൂ ആണ്.ആയതിനു വിരുദ്ധമായി 43800/-രൂ നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി(എൻക്വയറി13/ )ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തൃപ്തികരമല്ല.ഉത്തരവിനു വിരുദ്ധമായി നൽകിയ തുക (43800-19500=24300/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 അംഗൻവാടികൾ ശോചനീയാവസ്ഥയിൽ

പഞ്ചായത്തിലെ വാടകക്ക് പ്രവർത്തിക്കുന്ന അംഗൻവാടി സെന്റർ നമ്പർ 32&37ൽ 19.10.16ന് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ പ്രസ്തുത അംഗൻവാടികൾ വളരെ ശോചനീയാവസ്ഥയിൽ ആണെന്ന് കാണുകയുണ്ടായി. വീടുകളോട് ചേർന്നുള്ള ഷെഡ്ഡിൽ പ്രവർത്തിക്കുന്ന ഇവ ഓല, ടാർപോളിൻ ഷീറ്റ്എന്നിവ ഉപയോഗിച്ച് ആണ് നിർമ്മിച്ചിരിക്കുന്നത്. ഒറ്റ മുറി ഷെഡ്ഡിൽ ആണ് കുട്ടികളെ ഇരുത്തുന്നതും ഭക്ഷണം പാചകം ചെയ്യുന്നതും. ഗ്യാസ് ഉപയോഗിച്ച്പാചകം ചെയ്യുന്നതിനാൽ വളരെ അപകടകരമായ അവസ്ഥയിലാണ് ഇവ പ്രവർത്തിക്കുന്നത്. കുട്ടികളുടേയും ജീവനക്കാരുടേയും സുരക്ഷയെ മുൻ നിറുത്തി ഇവ സുരക്ഷിതമായ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഫോട്ടോ അനുബന്ധം 4ൽ)

## 3-15 ബാലസഭ സംഗമവും സ്പോർട്സ് കിറ്റ് വിതരണവും-പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മിസ് ട്രസ് ഗവ.ജി.യു.പി.എസ്.അഴീക്കോട്.

3/2015-16 ബിൽ പ്രകാരം ഈ പദ്ധിനടത്തിപ്പിന്റെ ഭാഗമായി 172962/- രൂപ ചെലവഴിച്ചിട്ടുണ്ട്. 23 വാർഡുകളിലെ 46 ബാല സഭകൾക്ക് സ്പോർട്സ്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.വിശദീകരണം നൽകേണ്ടതാണ്.

1.മേരാ സ്പോർട്സ്,ശൃംഗപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് ബിൽ നം3/2015-16 പ്രകാരം 1 72 960/-രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾടെണ്ടർ ക്ഷണിച്ച് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതായി കണ്ടില്ല. സ്റ്റോക്ക് പുസ്തകം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2.മേരാ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് 8700/- രൂപയാണ് SD ആയി വാങ്ങേണ്ടിയിരുന്നത് എന്നാൽ 1000/- രൂപയുടെ സ്ഥിര നിക്ഷേപവും2500/- രൂപയുടെ HDFC Kodungallur branchൽ നിന്നുള്ള ചെക്കുമാണ് വെച്ചിട്ടുള്ളത്.SD ഇനത്തിൽ വാങ്ങിയതിൽ 5200/-രൂപയുടെ കുറവ് കാണുന്നു.മാത്രമല്ല HDFC ലെ 30-9-2015 ലെ ചെക്ക് റിവാലിഡേറ്റ് ചെയ്ത് 3മാസത്തിന് ശേഷം പുതിയ ചെക്ക് വാങ്ങിയതായും കാണുന്നില്ല. SD ആയിവാങ്ങിയ തുക കത്ത് മുഖാന്തിരം പഞ്ചായത്തിന് കൈമാറി പഞ്ചായത്ത് എക്കൗണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ കാലാവധി കഴിഞ്ഞതിനാൽ ഈ വിഷയത്തിൽ ഇനി തുടർനടപടികൾ ആവശ്യമില്ല.

3.സ്പോർട്സ് കിറ്റുകൾ കൈപ്പറ്റിയ 46 ബാലസഭകളും C,D,S.ൽ അഫിലിയേറ്റ് ചെയ്യേണ്ടതാണ്. ആയതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

## 3-16 എസ്.എസ്.എ വിഹിതം നൽകൽ -അപാകങ്ങൾ

ഹെഡ്മിസ്ട്രസ് ഗവ. യു.പി സ്കൂൾ അഴീക്കോട്

2015-16 വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ബിൽ നം 1/2015-16 പ്രകാരം 620917/-രൂപ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്.

1.G.O.(m.s) 362/2013 ത.സ.ഭ.വ തിയ്യതി 16-11-2013 പ്രകാരം സർക്കാർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ പ്രോജക്ടിനുവേണ്ടി വകയിരുത്തേണ്ടതുണ്ട്. എസ്.എസ്.എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടേയും പങ്കാളിത്തത്തോടെയാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ പദ്ധതിപ്രകാരം പദ്ധതിയുടെ ഉദ്ദേശം,ലക്ഷ്യങ്ങൾ,പ്രവർത്തന രീതി,പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട കാര്യങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരത്തിനും നടത്തിപ്പിനുമായി തയ്യാറാക്കുന്ന പദ്ധതി രേഖയിൽ അനിവാര്യമായ കാര്യങ്ങൾ ഒഴിവാക്കുന്ന രീതി ശരിയല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

2.16-11-2013 ലെ ഉത്തരവ് പ്രകാരം ആകെ ചെലവിന്റെ 35% തുകയാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതമായി എസ്.എസ്എ.ക്ക് കൈമാറേണ്ടത്. എസ്എസ്എയുടെ ജില്ല പ്രോജക്ട്ഓഫീസർ 27-5-2016 ൽ സമർപ്പിച്ച ഉപയോഗ സാക്ഷ്യപത്ര പ്രകാരം1273597/- ആണ് 2015-16ലെ ആകെചെലവ്.ഇത് പ്രകാരം ചെലവിന്റെ 35% തുകയായ 445759/- രൂപക്ക് മാത്രമെ എസ്.എസ്.എക്ക് അർഹതയൊള്ളു. ഈയിനത്തിൽഅധികംനല്കിയതുകയായ 175158/-രൂപ അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽനിന്ന് കുറവ് വരുത്തേണ്ടതാണ്.

## 3-17 തനത് ഫണ്ട്-പെറ്റിവർക്കുകൾ-പദ്ധതിയിൽ ഉൾപെടുത്താതെ ചെലവഴിച്ചത് സംബന്ധിച്ച്

2015-16 ലെ ചെലവുകളുടെ പരിശോധനയിൽ 55 ചെറിയ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപെടുത്താതെ തനത് ഫണ്ടിൽ നിന്ന് അസിസ്റ്റന്റ് എഞ്ചനീയർ ചെലവ് ചെയ്തതായി കാണുന്നു. താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

1. 2015-16ൽ 55 പെറ്റി വർക്കുകളിലായി 360906/-രൂപ പദ്ധതിയിൽ ഉൾപെടുത്താതെ ചെലവഴിച്ചതായി കാണുന്നു.നിലവിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായ 10000/- വരെയുള്ള പെറ്റിവർക്കുകൾ പദ്ധതിയിൽ ഉൾപെടുത്താതെ ചെയ്യുവാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ?ഉണ്ടെങ്കിൽ ആയതിന്റെ ആധികാരിക രേകകൾ ഹാജരാക്കേണ്ടതാണ്.

2.എന്തെങ്കിലും പഠനത്തിന്റേയോ ആധികാരിക രേഖകളുടേയോ അടിസ്ഥാനത്തിലാണോ 55 ഇടങ്ങളിലായി ബണ്ടുകൾ നിർമ്മിച്ചിട്ടുള്ളത്എന്നത് വ്യക്തമാക്കേണ്ടതാണ്.

3. പദ്ധതിയുടെ ഭാഗമായി ബണ്ട നിർമാണങ്ങൾ ഒരു പദ്ധതിയിൽ ഉൾപെടുത്തി സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചനീയർ നിർവഹിക്കാതിരുന്നത് എന്ന് വിശദീകരിക്കേണ്ടതാണ്

## 3-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-ആക്ഷൻ പ്ലാൻ പ്രകാരം തൊഴിൽ നൽകാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിൽ തൻവർഷത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | തൊഴിൽ കാർഡ് നൽകിയത് | തൊഴിൽ നൽകിയത് | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 ദിവസം പൂർത്തിയാക്കിയത് | ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികളുടെ ആകെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|---|---|---|
| 4328 | 4328 | 2080 | 101534 | 113 | 2627 | 375 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം ആക്ഷൻ പ്ലാൻ പ്രകാരം വകയിരുത്തിയ പ്രവൃത്തികളുടെ 14% പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ഇതേരീതിയിൽ രജിസ്റ്റർ ചെയ്ത 4328 കുടുംബങ്ങളിലെ 4899 വ്യക്തികളിൽ 113 പേർക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത് (0.02%). കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് സാധ്യമായ രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 162420 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 162420 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 162420 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 162420 | 0 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെഎസ് ഇബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | | 150000 | 150000 | പൂർത്തീകരിച്ചു | 0 |

**4-3-**മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നത്

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ജില്ലാസഹകരണബാങ്ക് എറിയാട് ബ്രാഞ്ച് | 5000000 | 80009174954 |

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 12935/- രൂപ ഈടാക്കിയിട്ടുണ്ട്

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,2012-13,2013-14 | 2014-15ഖ-4.2.6 | മണൽ വില്പനയിൽ നിന്നുള്ള പഞ്ചായത്തിന്റെ വരവ്-ചെലവ് | പഞ്ചായത്ത്അസി.ഡയറക്ടർക്ക്എ4-1349/16 /16.2.2016നമ്പർ കത്ത്പ്രകാരം പഞ്ചായത്ത് റിപ്പോർട്ട് സമർപ്പിച്ചു. |
| ” | 2014-15 ഖ-4.2.8 | ” | |
| | 2014-15 ഖ-4.2.14 | ” | |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിന്റെ | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | വർഷം / തീയ്യതി | വിവരം | | | | വാർഷിക കണക്കിൻെറ വിവരം | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ഗവ.ആയുർവേദ ആശുപത്രി അഴീക്കോട് | 28.6.2006 | 2015-16 | | 2014-15 | കെഎസ്എടിഎസ്ആർ(എസ്2)/450 /16/29.3.2016 | ഇല്ല | |
| 2 | പിഎച്ച്സി മാടവന | 11.9.2007 | 2015-16 | | 2014-15 | കെഎസ്എടിഎസ്ആർ(എസ്2)/453 /16/20.8.2016 | ഇല്ല | |

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് - | 59997270 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88036407 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 284961 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 110761 | കെ.കെ.ബാലൻ,സെക്രട്ടറി |
| 3-11 | 149900 | കെ,കെ.ബാലൻ,സെക്രട്ടറി |
| 3-13 | 24300 | സ്റ്റെല്ല.സി.എ.,ഐസിഡിഎസ് സൂപ്പർവൈസർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 76-77 | എൽ.എഫ്.ടി. എസ്2-1016/11തി.20.10.2011 /01.02.2012. | |
| 77-78 | | |
| 79-80 | | |
| 81-82 | | |
| 82-83,83-84 | | |
| 84-85,85-86 | | |
| 86-87,87-88 | | |
| 88-89,89-90 | | |
| 90-91,91-92 | | |
| 92-93,93-94 | | |
| 94-95,95-96 | | |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-42/99 /12.04.99 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-842/99 /12.04.99 | |
| 98-99 (ചെലവ്) | എൽ.എഫ്.ടി.12-861/2000 /04.09.2000. | |
| 99-2000മുതൽ 2001-02വരെ. | എൽ.എഫ്.ടി.16-1380/03 /08.10.03. | |
| 96-97(വരവ്) | എൽ.എഫ്.ടി.16-1934/06 /08.05.07/08.08.07. | |
| 97-98(വരവ്) | എൽ.എഫ്.ടി.16-1935/06 /08.05.07/07.12.07. | |
| 99-2000 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1726/07 /26.12.07/08.05.08. | |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1725/07 /26.12.07./08.05.08. | |
| 2001-02 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1728/07 /26.12.07/08.05.08. | |
| 2002-03 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1220/08 /26.12.07/05.09.09. | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1221/08 /26.12.07/05.09.09. | |
| 2004-05 (വരവ് ചെലവ്) | എൽ.എഫ്.ടി.16-265/09 /26.12.07/04.05.10. | |
| 2005-06 (വരവ് ചെലവ്) | എൽ.എഫ്.ടി.16-1310/09 /03,01.2011. | |
| 2006-07 | എൽ.എഫ്.ടി.16-1320/09 /12.01.11. | |
| 2007-08 | എൽ.എഫ്.ടി.16-1414/10 /01.03.11. | |
| 2008-09 | എൽ.എഫ്.ടി.16-1415/10 /14.03.11. | |
| 2009-10 | എൽ.എഫ്.ടി .പി.3-1092/2012/05.10.12. | |
| 2010-11 | എൽ.എഫ്.ടി..പി.3-1093/2012 /05.10.12. | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ടി..പി.3-1107/13 12.02.14/05.03.14. | |
| 2012-13 | എൽ.എഫ്.ടി.പി3-1418/2014 /09.01.2015/06.02.2015. | |
| 2013-14 | | |
| 2014-15 | കെഎസ് എടിഎസ്ആർ(പി3)1326/15 /16.11.2015 | |

ഡെപ്യൂട്ടിഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -1

## ഓഡിറ്റ്സർട്ടിഫിക്കറ്റ്

No. KSA-TSR/(P3)-1885/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated:25.10.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Eriyad Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Eriyad Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Qualification

1.Assets and Liabilities of the panchayath is yet to be entered in the AFS after evaluation

Deputy Director

District Audit Office,
Thrissur.

കെ.എസ്.എ-ടി.എസ്.ആർ(പി.3)1885/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി :25.10.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണം
1.നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

## അനുബന്ധം-2

## തൃശ്ശൂർജില്ലയിലെഎറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തനതുവിഭവ സമാഹരണം - ഓഡിറ്റ് മൂല്യനിർണ്ണയ പത്രികയും സ്കോർ കാർഡും.

സ്കോർ കാർഡ്

| ക്രമ നം. | വിഷയം | ആകെ മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|
| 1 | വസ്തുനികുതി | 11 | -1 |
| 2 | അനിവാര്യ ചുമതലകളും സേവന ഉപനികുതിയും | 15 | .5 |
| 3 | പഞ്ചായത്തിന്റെ വസ്തു വകകളിൽ നിന്നുള്ള വരുമാനം | 8 | 4 |
| 4 | തൊഴിൽ നികുതി | 8 | 1 |
| 5 | പരസ്യനികുതി | 4 | 1 |
| 6 | വിനോദ നികുതി | 2 | 2 |
| 7 | ഡി&ഒ ലൈസൻസ് ഫീസ് | 5 | 1 |
| 8 | കെട്ടിട നിർമ്മാണ പെർമിറ്റ് | 3 | 0 |
| 9 | കാര്യക്ഷമമായ വിഭവ സമാഹരണത്തിൽ അധികാര സ്ഥാനങ്ങൾക്കുള്ള പങ്ക് | 27 | 4 |
| 10 | വിഭവ സമാഹരണ നിർവ്വഹണം | 12 | 3 |

| | | | |
|---|---|---|---|
| 11 | സ്വകാര്യ മാർക്കറ്റ്/സ്വകാര്യ വണ്ടിത്താവളം | 1 | 0 |
| 12 | കശാപ്പ്ശാല/ഇറച്ചിക്കട | 1 | 0 |
| 13 | പന്നികൾക്കും പട്ടികൾക്കും ലൈസൻസിന് | 1 | 1 |
| 14 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാര മെഡിക്കൽ സ്ഥാപനം | 1 | 1 |
| 15 | സ്വകാര്യ ആയുർവ്വേദ കേന്ദ്രങ്ങൾ | 1 | 1 |
| ആകെ | | 100 | 18.5 |

## അനുബന്ധം-3

## ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം: .എറിയാട് ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: .16.75ച.കീമി

ജനസംഖ്യ: 46213

വാർഡുകളുടെ എണ്ണം :23

ആകെ ജീവനക്കാരുടെ എണ്ണം: 16

സ്ഥിരം:16

താൽക്കാലികം:ഇല്ല

കരാറടിസ്ഥാനത്തിൽ :7

ആകെ :23

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സുനിൽദത്ത്.എം.ആർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.സിനിലാൽ.എം.ജി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജ്ജ.സി.എസ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഇ.വി.വേണു | 1.4.15മുതൽ31.10.15വരെ |

| | | |
|---|---|---|
| | പ്രസാദിനി മോഹൻ | *19.11.15മുതൽ31.3.16വരെ |

*19.11.15 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| സെക്രട്ടറി | എം.ബി.ഷീല(ചാർജ്ജ് ) | 1.4.15 മുതൽ27.7.15വരെ |
| | കെ.കെ.ബാലൻ | 28.7.15മുതൽ31.3.15വരെ |
| അസി .സെക്രട്ടറി | എം.ബി.ഷീല | 1.4.15 മുതൽ 31.3.2016വരെ |
| അസി.എൻജിനീയർ | ശ്രീദേവി .എ.ആർ | 1.4.15 മുതൽ 31.3.2016വരെ |
| വിഇഒ | ഇ.എം.ഗുരുപ്രസാദ്(മാടവന സർക്കിൾ) | 1.4.15 മുതൽ 31.3.2016വരെ |
| | മുരളി.വി.പി. | 1.4.15 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സി.കെ.വിജയ | 1.4.15 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച്സി | ഡോ.സുരേഷ്ബാബു | 1.4.15 മുതൽ 31.5.16 വരെ |
| | ഡോ.സി.വി.ജയാനന്ദൻ | 1.6.2015മുതൽ31.3.2016വരെ |
| കൃഷി ഓഫീസർ | ശശി മേനോൻ | 1.4.15 മുതൽ 31.3.2016വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | സ്റ്റെല്ല.സി.എ. | 1.4.15 മുതൽ 31.3.2016വരെ |
| സീനിയർ വെറ്ററിനറി സർജൻ | സാബു.കെ.എ | 1.4.15 മുതൽ 31.3.2016വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | കെ.കെ.സുധി | 1.4.15 മുതൽ 31.3.2016വരെ |
| ഹെഡ്മിസ്ട്രസ് | മിനി | 1.4.15 മുതൽ 31.3.2016വരെ |
| ഡയറി ഫാംഇൻസ്ട്രക്ടർ | മുരളി. | 1.4.15 മുതൽ 31.3.2016വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## <u>അനുബന്ധം - 4</u>

### <u>അംഗൻവാടി-ഷെഡ്ഡിൽ പ്രവർത്തിക്കുന്നത്</u>



ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ